**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.998** | **30.09.2016 ൽ മറുപടിയ്ക്ക്**

**"പച്ചക്കറി വിപണന കേന്ദ്രങ്ങൾ"**

| **ചോദ്യം**<br>ശ്രീ. എൽദോ എബ്രഹാം | | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഓണം, ബക്രീദ് ആഘോഷ വേളയിൽ ആവശ്യമായ പച്ചക്കറി ലഭ്യമാക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;<br><br>(ബി) കൃഷി വകുപ്പിന്റെയും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഏജൻസികളുടെയും മേൽനോട്ടത്തിൽ എത്ര വിപണന കേന്ദ്രങ്ങൾ പ്രസ്തുത സമയത്ത് പ്രവർത്തിച്ചെന്നും അതിലൂടെ എത്ര രൂപയുടെ വിറ്റുവരവ് നടന്നു എന്നും വിശദമാക്കാമോ? | (എ) യും (ബി) യും | ഓണം ബക്രീദ് ആഘോഷവേളയിൽ കാർഷികോത്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിലേക്ക് 'ഓണസമൃദ്ധി പദ്ധതി' പ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തുടനീളം 1350 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. അതാത് ജില്ലകളിലേക്കാവശ്യമായ പച്ചക്കറികൾ ജില്ലയ്ക്കകത്തു നിന്നുള്ള കർഷകരിൽ നിന്നും മൊത്തവ്യാപാര വിലയേക്കാൾ പത്തു ശതമാനത്തോളം കൂടിയ വില നൽകി പരമാവധി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് 30% സബ്സിഡിയോടെ വിൽപന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് ലഭ്യമാകാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്തിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട കമ്മിറ്റിയാണ് സംഭരണ വിലയും വിൽപന വിലയും നിശ്ചയിച്ചത്. ഈ വിപണികൾ മുഖേന ഏകദേശം 10.06 കോടി രൂപയുടെ വിറ്റുവരവ് നടത്തിയിട്ടുണ്ട് എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**